(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളുമായിട്ടാണെന്ന് പറയുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) (1) ഗവൺമെന്റ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ.

(2) കേരള ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ.
(3) റീഹാബിലിറ്റേഷൻ ടെക്നീഷ്യൻസ് അസോസിയേഷൻ.
(4) കേരള ഗവൺമെന്റ് നേഴ്സസ് അസോസിയേഷൻ.

മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ ബോട്ടുകൾ

*238 [250] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ഏൽപിച്ചിട്ടുള്ള ബോട്ടുകൾ അവർക്കു നടത്താൻ കഴിയാതെവരുമ്പോൾ അവ തൊഴിലാളികളുടെ ഗ്രൂപ്പുകളെ ഏൽപ്പിക്കാറുണ്ടോ;

(ബി) ഗ്രൂപ്പ് ലീഡർക്ക് ജാമ്യവ്യവസ്ഥയിൽ വിട്ടുകൊടുക്കുകയാണോ പതിവ്;

(സി) സാധാരണ മൽസ്യത്തൊഴിലാളികൾക്ക് സ്വന്തുജാമ്യം നൽകാനില്ലാത്തതുകൊണ്ട് സ്വന്തുജാമ്യം നൽകുന്ന വ്യക്തി മൽസ്യബന്ധനത്തിൽനിന്നും കിട്ടുന്ന ആദായത്തിന്റെ സിംഹഭാഗവും തട്ടിയെടുക്കുന്നതായും അങ്ങനെ പാവപ്പെട്ട തൊഴിലാളികൾക്ക് വരുമാനം നഷ്ടപ്പെടുന്നതായുമുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിന് പരിഹാരം ഉണ്ടാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) അല്ല. 10.7.1978-ലെ സർക്കാർ ഉത്തരവു പ്രകാരം ബോട്ട് വിലയുടെ 10 ശതമാനം രൊക്കം പണമായിതന്നെ അടയ്ക്കണമെന്നും ആ തുക ബോട്ടിന്റെ വിലയിലേക്ക് മുൻകൂർ അടവായി കണക്കാക്കണമെന്നുമാണ് വ്യവസ്ഥ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മൽസ്യബന്ധനത്തിലേർപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള അതിർത്തി

*239 [253] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽകൃത ബോട്ടുകളും നാടൻ വള്ളങ്ങളും കടലിൽ മൽസ്യബന്ധനത്തിലേർപ്പെടുന്നതിന് അതിർത്തി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എപ്രകാരമാണ്;

LIBRARY ARCHIVES Kerala Legislative Assembly